# കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കെ.സി.പി. ബിൽഡിംഗ്, ആര്യശാല, തിരുവനന്തപുരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
ഫോൺ: 0471 2460667

## സ്കോളർഷിപ്പ് വിതരണം 2023-24,2024-25

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള വിദേശമദ്യ, ബാർ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് 2023-24, 2024-25 (**നിലവിൽ തുടർ വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നവർക്ക്**) അദ്ധ്യയന വർഷങ്ങളിലെ സ്കോളർഷിപ്പ്, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ്, എന്നിവ വിതരണം ചെയ്യുന്നതിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. റ്റി.റ്റി.സി, ഐ.റ്റി.ഐ/ഐ.റ്റി.സി, പ്ലസ് ടു, ഡിഗ്രി കോഴ്സ്, പോസ്റ്റ് ഗ്രാജ്വേറ്റ്, പ്രൊഫഷണൽ കോഴ്സുകൾ, വിവിധ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതും പ്രസ്തുത കോഴ്സുകളുടെ **യോഗ്യതാ പരീക്ഷയിൽ 50% മാർക്ക് നേടിയിട്ടുള്ളതുമായ** അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൻ്റെ **മേഖലാ ഓഫീസുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന അപേക്ഷ ഫാറം വാങ്ങി** പൂരിപ്പിച്ച് അപേക്ഷയുടെ രണ്ട് പകർപ്പുകൾ, വിദ്യാർത്ഥിയുടെ ബാങ്ക് പാസ് ബുക്ക്, യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിൻറെ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി **03.02.2026** തീയതി വൈകുന്നേരം **5 മണിക്ക്** മുമ്പ് ബന്ധപ്പെട്ട **മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർക്ക്** അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എൻട്രൻസ് കമ്മീഷണറുടെ **അലോട്ടുമെൻ്റിൻറെ പകർപ്പ്** ഹാജരാക്കിയാൽ മാത്രമെ ലാപ്ടോപ്പ് വിതരണത്തിന് പരിഗണിക്കുകയുള്ളൂ. മറ്റു സംസ്ഥാനങ്ങളിൽ മേൽ പറഞ്ഞ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകളിൽ ടി കോഴ്സുകൾ കേരള ഗവൺമെൻ്റ് അംഗീകൃതമാണെന്ന് സ്ഥാപന മേധാവി രേഖപ്പെടുത്തേണ്ടതാണ്. **ഒരു കോഴ്സിന് ഒറ്റതവണ മാത്രമേ സ്കോളർഷിപ്പ് നൽകുകയുള്ളു എന്നതിനാൽ ഒരു തവണ സ്കോളർഷിപ്പ് ലഭിച്ചവർ വീണ്ടും ആ കാലയളവിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.** അപൂർണ്ണമായ അപേക്ഷകളോ **നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.** 28.06.2012 ലെ സ.ഉ.(സാധാ)നം.976/12/തൊഴിൽ, 08.11.2016ലെ ജി.ഒ.(എം.എസ്) നമ്പർ 176/2016/തൊഴിൽ, 04/06/2019 സ.ഉ.(സാധാ) നമ്പർ 616/2019/തൊഴിൽ, 07/08/19 ലെ സ.ഉ(സാധാ)961/19/തൊഴിൽ എന്നീ ഉത്തരവുകൾ പ്രകാരമാണ് സ്കോളർഷിപ്പും ലാപ്ടോപ്പുകൾക്ക് അർഹതപ്പെട്ടവരുടെ എണ്ണവും കണക്കാക്കുന്നതും തുക വിതരണം നടത്തുന്നതും. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്.

തിരുവനന്തപുരം-0471 -2460667
എറണാകുളം - 0484- 2368531
കോഴിക്കോട് - 0495 -2768094

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ(I/C)

Signed by
Anish K Thampan
Date: 24-01-2026 14:03:54